# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6513 — 01/11/2011-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലാ ആശുപത്രിയിലെ ഓങ്കോളജി വിഭാഗം

ചോദ്യം — മറുപടി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം പ്രവർത്തിച്ചിരുന്നുവോ; അത് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ഇല്ല. മുൻകാലങ്ങളിൽ മെഡിക്കൽ കോളേജിലെ ഒരു ഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തി മാസത്തിൽ ഒരു ദിവസം കാൻസർ ചികിത്സ നടത്തി വന്നിരുന്നു. പ്രസ്തുത ഡോക്ടറുടെ സേവനം മെഡിക്കൽ കോളേജ് അധികൃതർ നിറുത്തലാക്കിയതിനെ തുടർന്ന് ഇത് തടസ്സപ്പെട്ടു. |
| (ബി) | ജില്ലയിലെ കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനായി ഓങ്കോളജി വിഭാഗം ജില്ലാ ആശുപത്രിയിൽ പ്രവർത്തന സജ്ജമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (ബി) | മലബാർ മേഖലയിലെ കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനായി അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടി മലബാർ കാൻസർ സെൻറർ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ രോഗികൾക്കും എം. സി. സിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | വയനാട് ജില്ലയിലെ പെയിൻ ആൻറ് പാലിയേറ്റീവ് ക്ലിനിക്കുകളിൽ എത്ര കാൻസർ രോഗികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്? | (സി) | 2465 പേർ (ജീവിച്ചിരിക്കുന്നവർ) |

സെക്ഷൻ ഓഫീസർ